**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**<u>സർക്കുലർ</u>**

നം.ഉപ.സി.3/159/2018/ഉഭപവ തിരുവനന്തപുരം, തീയതി : 19/08/2018

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്-സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന പ്രതീക്ഷിത ഒഴിവുകളിൽ കൃത്യത പാലിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 12.08.1971 -ലെ ജി.ഒ.(എം.എസ്) നം. 232/1971/പി.ഡി. നമ്പർ ഉത്തരവ്.

2. 16.08.2017 -ലെ ഉപ.സി3/304/2017/ഉപഭവ നമ്പർ സർക്കുലർ.

3. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 18.07.2018 ലെ DR1(2)8153/15/GW നമ്പർ കത്ത്.

സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ ഒരു വർഷം ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുവാൻ സൂചന(1) പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ അതീവ ശ്രദ്ധ പുലർത്തണമെന്നും ഒഴിവുകളുടെ എണ്ണത്തിൽ കൃത്യത പാലിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. ഒരിക്കൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഒരു കാരണവശാലും കുറവുവരുത്തുവാനോ/റദ്ദാക്കുവാനോ പാടില്ല എന്നും ഈ ഒഴിവുകൾ പ്രൊമോഷൻ/ട്രാൻസ്ഫർ എന്നിവയിലൂടെ നികത്തുവാൻ പാടില്ല എന്നും കർശന നിർദ്ദേശം നൽകിയിരുന്നു.

2. 2018 കലണ്ടർ വർഷത്തിൽ ഓരോ വകുപ്പിലും, വിവിധ തസ്തികകളിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാനും സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി ഉത്തരവിലും ഒരിക്കൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കുറവ് വരുത്തുവാനോ/റദ്ദാക്കുവാനോ കഴിയില്ല എന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ അതീവ ശ്രദ്ധ പുലർത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില വകുപ്പുമേധാവികൾ/ നിയമനാധികാരികൾ മുൻകൂറായി അറിയിക്കുന്ന പ്രതീക്ഷിത ഒഴിവുകൾ പിന്നീട് പല കാരണങ്ങൾ കാണിച്ച് റദ്ദാക്കുവാൻ ആവശ്യപ്പെടുന്ന സാഹചര്യം വർദ്ധിച്ചുവരുന്നതായും, ടി ഒഴിവുകൾ റദ്ദ് ചെയ്യുവാൻ ആവശ്യപ്പെടുന്നതിനാൽ സംവരണച്ചട്ടങ്ങൾ പാലിച്ചുകൊണ്ട് നിയമന ശിപാർശകൾ നൽകുന്ന നടപടി തുടർന്ന് കൊണ്ട് പോകുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുന്നതായും ചില അവസരങ്ങളിൽ ഇത്തരം വിഷയങ്ങൾ കമ്മീഷനെതിരായ നിയമനടപടികളിലേക്ക് നയിക്കപ്പെടുന്നതായും കേരള പബ്ലിക് സർവീസ് കമ്മീഷൻ സൂചന(3) കത്തിലൂടെ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടത് നിയമനാധികാരിയുടെ ഉത്തരവാദിത്തമാണ്. അതിനാൽ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നത് മൂലം കേരള പബ്ലിക് സർവീസ് കമ്മീഷനെതിരായ നിയമനടപടികളിലേക്ക് നയിക്കപ്പെടുന്ന അവസ്ഥ സർക്കാർ വളരെ ഗൗരവമായി കാണുന്നു.

ഒരിക്കൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഒരു കാരണവശാലും കുറവ് വരുത്തുവാനോ/റദ്ദ് ചെയ്യുവാനോ കഴിയാത്തതിനാൽ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ അതീവ ജാഗ്രത പുലർത്തണമെന്ന് കർശന നിർദ്ദേശം നൽകുന്നു. അതോടൊപ്പം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ റദ്ദ് ചെയ്യുന്നതിന് നിയമനാധികാരികൾ ആവശ്യം ഉന്നയിക്കുന്ന അവസ്ഥ പൂർണമായും ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശം നൽകുന്നു.

4. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ കർശന അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ
സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും
അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
പൊതുഭരണ(എസ്.സി) വകുപ്പ്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെ ബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ